# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3690 15.12.2014 -ലെ മറുപടിയ്ക്ക്**

## ഹയർ സെക്കന്ററി , വൊക്കേഷണൽ ഹയർ സെക്കന്ററി, കോമേഴ്സ് (സീനിയർ, ജൂനിയർ) റാങ്ക് ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ | | ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി) |
| (എ) | ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കോമേഴ്സ് (സീനിയർ, ജൂനിയർ) റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (എ) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കൊമേഴ്സ് (കാറ്റഗറി നമ്പർ: 459/2010), ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) കൊമേഴ്സ് (കാറ്റഗറി നമ്പർ: 459/2010), എന്നീ തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് യഥാക്രമം 11/08/2014, 03/09/2014 എന്നീ തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ (കൊമേഴ്സ്) (കാറ്റഗറി നമ്പർ:459/2010) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 24/09/2014-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപക തസ്തിക നിലവിൽ ഇല്ല. |
| (ബി) | ഈ ഒഴിവിലേയ്ക്ക് എത്ര വേക്കൻസികൾ വകുപ്പുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് തസ്തികയുടെ 32 ഉം എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് (ജൂനിയർ) തസ്തികയുടെ 357 ഉം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപക തസ്തിക നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ, കോമേഴ്സ് (ജൂനിയർ & സീനിയർ) ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി റാങ്ക് ലിസ്റ്റിലെ എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്? | (സി) | നിയമന ശുപാർശ ചെയ്യുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ